(എ) യു.എ.ഇ. യിൽ പുതിയ മേഖലകളിൽ അടുത്ത മൂന്ന് വർഷങ്ങളിൽ ഉണ്ടാകാവുന്ന തൊഴിൽ അവസരങ്ങൾ കേരളീയർക്ക് ലഭിക്കുന്നതിന് വേണ്ടി സർവ്വേയും പരിശീലനവും നോർക്ക സംഘടിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) യു.എ.ഇ. യിലെ കടുത്ത വിസ നിയന്ത്രണം മൂലം മലയാളികൾ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 1999 ജൂലൈ മാസത്തിൽ യു.എ.ഇ സർക്കാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നുള്ള തൊഴിലാളികൾക്ക് വിസനിയന്ത്രണം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ സംസ്ഥാന സർക്കാർ കേന്ദ്ര വിദേശകാര്യവകുപ്പുമായും, യു.എ.ഇ യിലെ ഇന്ത്യൻ അംബാസഡറുമായും ബന്ധപ്പെടുകയും യു.എ.ഇ സർക്കാരിന്റെ വിസനിയന്ത്രണ തീരുമാനം പുന:പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലും, അബുദാബിയിലെ ഇന്ത്യൻ അംബാസഡറും ഈ പ്രശ്നം യു.എ.ഇ യിലെ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

യു.എ.ഇ യിൽ ഇപ്പോഴുള്ള അധിക തൊഴിലാളികളുടെ സേവന ക്രമീകരണത്തിനും അവിടത്തെ ജനസംഖ്യാസന്തുലിനാവസ്ഥ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ നടപടിയെന്നും ഇത് താത്ക്കാലികമാകാനാണ് സാദ്ധ്യതയെന്നുമാണ് അറിയുന്നത്.

11 (*306) യാചകരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾ യാചക നിരോധനമേഖലയായി പ്രഖ്യാപിക്കുവാൻ സർക്കാർ ആലോചിക്കുമോ;

(ബി) പ്രസ്തുത നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന യാചകവൃത്തി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യാചകവൃത്തിയിൽ ഏർപ്പെടുത്തുന്നതിന്റെ മറയിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യാചകരെ പുനരധിവസിപ്പിക്കുന്നതിന് പ്രസ്തുത നഗരങ്ങളിൽ ആവശ്യമായ യാചക ഭവനങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും യാചകവൃത്തിക്കുവരുന്നവരെ പൂർണ്ണമായി അതാത് സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ഇപ്പോൾ ഇത്തരം നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ ബാധകമാകുന്ന ഒരു ഏകീകൃത യാചകനിരോധന നിയമം കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കേരളത്തിലെ നഗരങ്ങളിലെ യാചകരിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്ന് കുടിയേറിയവരാണ്. ബസ്സ്റ്റാന്റ്/റെയിൽവേ സ്റ്റേഷനുകളിൽ വന്നിറങ്ങുന്നവരെ അവിടെവച്ചുതന്നെ പിടികൂടി അവരവരുടെ സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കാൻ സംസ്ഥാന പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം, എറണാകുളം, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ യാചകഭവനുകൾ ഇപ്പോൾതന്നെ പ്രവർത്തിച്ചുവരുന്നു. മറ്റു ജില്ലകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ യാചക പുനരധിവാസത്തിനായി യാചകമന്ദിരങ്ങൾ തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

12 (*307) ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എം.വി ഗോവിന്ദൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ഹാച്ചറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ഇറച്ചിക്കോഴികളും മുട്ടക്കോഴികളും ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കോഴികളുടേയും മുട്ടക്കോഴികളുടേയും വരവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ കോഴിക്കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തതരത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വരവിന് നിയന്ത്രണം ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly